LIBRARY ARCHIVES Kerala Legislative Assembly

സൗജന്യ റേഷൻ അനുവദിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ഇതുവരെ സൗജന്യ റേഷൻ അനുവദിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം
1	കൊല്ലം	5325
2	ആലപ്പുഴ	5200
3	എറണാകുളം	5038
4	തൃശ്ശൂർ	301
5	മലപ്പുറം	669
6	കോഴിക്കോട്	7723
7	കണ്ണൂർ	281
8	കാസർഗോഡ്	61

മലപ്പുറം ജില്ലയിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട്

139 (2958) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തീരപ്രദേശത്തുള്ള ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ വീട് ലഭിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ലഭ്യമായ അപേക്ഷകരിൽ എത്രപേർ പ്രസ്തുത പദ്ധതിക്ക് അർഹരായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതിൽ എത്രപേർക്ക് അനുവദിച്ചിട്ടുണ്ട് ; അറിയിക്കുമോ ;

(ഡി) ഭവനങ്ങൾ നൽകുന്നതിനുള്ള പുതിയ അപേക്ഷകൾ എന്നത്തേക്ക് സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലാ ആഫീസിൽ വീട് ലഭിക്കുന്നതിനായി ആകെ 1315 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ അപേക്ഷകരിൽ നിന്ന് 847. പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) 800 പേർക്ക് വീട് അനുവദിച്ചിട്ടുണ്ട്.

(ഡി) പുതിയ ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുന്നതിന് ഫിഷറീസ് ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ചേർത്തല അർത്തുങ്കൽ റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രാഥമിക സൗകര്യങ്ങൾ

140 (2959) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല അർത്തുങ്കൽ റിജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ഈ സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചു ; പ്രസ്തുത സ്കൂൾ അധികൃതർ എന്തെല്ലാം ആവശ്യങ്ങൾ ഉൾപ്പെടുത്തിയ നിവേദനമാണ് സർക്കാരിന് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) തീരദേശത്തുള്ളതും മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നും വരുന്ന സാധാരണക്കാരായ നിരവധി കുട്ടികൾ പഠിക്കുന്നതുമായ റസിഡൻഷ്യൽ സ്കൂളായിട്ടും നല്ല കട്ടിലുകളും പ്രാഥമികമായ ഒട്ടേറെ സൗകര്യങ്ങളും ഇനിയും പ്രസ്തുത സ്കൂളിൽ ഇല്ലെന്നുള്ള കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേർത്തല അർത്തുങ്കൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് തീരദേശ വികസന കോർപ്പറേഷൻ മുഖേന 119.50 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾ താമസിച്ച്

LIBRARY ARCHIVES Kerala Legislative Assembly